26 (989) ട്രഷറി ഡിപ്പാർട്ടുമെന്റിൽനിന്നും ഡെപ്യൂട്ടേഷൻ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെന്റിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ക്ഷേമനിധി ബോർഡുകളിലും മറ്റും ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യാതിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടയം ജില്ലാ ട്രഷറിയിൽ 22.7.98-ൽ ജൂനിയർ അക്കൗണ്ടന്റായി ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് ഗ്രാമവികസന വകുപ്പിലും മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുകയും ഇപ്പോൾ ട്രഷറി വകുപ്പിൽത്തന്നെ ജോലി ചെയ്യുകയും ചെയ്യുന്നതിൽ ആരുടെയെങ്കിലും പ്രൊബേഷൻ ഡിക്ലെയർ ചെയ്യുവാൻ ഉണ്ടോ; എങ്കിൽ ആ ജീവനക്കാരുടെ പേര് വെളിപ്പെടുത്തുമോ;

(സി) ഏത് സർവ്വീസ് വ്യവസ്ഥ പ്രകാരമാണ് പ്രൊബേഷൻ ഡിക്ലെയർ ചെയ്യാതിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 22.7.98-ൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യേണ്ട സമയം ആയിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടിയാണ്.

(സി) ബാധകമല്ല.

27 (990) ട്രഷറികളുടെ കമ്പ്യൂട്ടറൈസേഷൻ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ട്രഷറി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ ഇതുവരെ എന്തുതുക ചെലവായി;

(ബി) ഇതേവരെ എത്ര ട്രഷറികളിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണരീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ട്രഷറി വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ ഇതുവരെ 3,54,00,000/- രൂപ ചെലവായിട്ടുണ്ട്.

(ബി) കമ്പ്യൂട്ടറൈസേഷൻ ഭാഗികമായേ നടപ്പിലാക്കിയിട്ടുള്ളൂ. ഒന്നാം ഘട്ടം എന്ന നിലയിൽ തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ ആണ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2000 മാണ്ടോടുകൂടി കമ്പ്യൂട്ടറൈസേഷൻ നടപടികൾ പൂർത്തീകരിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

28 (991) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ്

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കിയതിനുശേഷം ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏതെല്ലാം വർഷത്തെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവ മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ വിവിധ സബ് ഓഫീസുകളിൽനിന്നും ശേഖരിക്കേണ്ടതായുണ്ട്. അത് ശേഖരിച്ച് അന്തിമ മറുപടി നൽകുന്നതാണ്.

(ബി) 1998-ലെ കൺസോളിഡേറ്റഡ് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഏകീകൃത റിപ്പോർട്ടിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആവശ്യമായതിനാൽ ടി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ഇത് ലഭിച്ചാലുടൻ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

29 (992) ട്രഷറികളിൽനിന്നും ആനുകൂല്യങ്ങൾ വേഗത്തിൽ നൽകാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി നൽകേണ്ട തുക ട്രഷറികളിൽനിന്നും യഥാസമയം ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ട്രഷറികളിൽനിന്നും തുക മാറുന്നത് 10.7.90 ലെ സർക്കാർ ഉത്തരവ് (പി) 380/90/ധന ഉത്തരവിലെ നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം, ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭ

LIBRARY ARCHIVES Kerala Legislative Assembly